പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 404 28.6.2012 ൽ മറുപടിയ്ക്ക്

**രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യു കളക്ഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ് :<br>ശ്രീ.സണ്ണി ജോസഫ് :<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.അൻവർ സാദത്ത് ; | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) രജിസ്ട്രേഷൻ വകുപ്പിൽ റവന്യു കളക്ഷൻ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (എ) രജിസ്ട്രേഷൻ വകുപ്പിൽ റവന്യു കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന വിവിധ നടപടികളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു. |
| (ബി) റവന്യു കളക്ഷനിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | (ബി) എല്ലാ മാസവും, രജിസ്ട്രേഷൻ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ അവലോകന യോഗം കൂടുകയും, റവന്യു കളക്ഷനിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ, റവന്യു കളക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്. |
| (സി) ഇതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി). ഇക്കാര്യം, സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ